<u>ഭരണഭാഷ- മാതൃഭാഷ</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി
വിഭാഗം
ജഗതി, തിരുവനന്തപുരം
**Email Id: dirdhse.dge@kerala.gov.in**
ഫോൺ നമ്പർ : **0471- 2580759**

**HSE/14243/2024-Ad C6** തീയതി :**19-08-2024**

## <u>സർക്കുലർ</u>

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിഭാഗം – ജീവനക്കാര്യം-
പൊതുസ്ഥലംമാറ്റത്തിൽ മാറ്റം കിട്ടിയ സ്കൂളിൽ യഥാസമയം പ്രവേശനം നേടാൻ സാധിക്കാതെ പോയ അധ്യാപകരുടെ വിവരങ്ങൾ
ശേഖരിക്കുന്നത് – സംബന്ധിച്ച്.

സൂചന : **1. 16/02/2024** തീയതിയിലെ എച്ച്.എസ്.ഇ/**5034/2024** – എഡി സി**6**
നമ്പർ ഉത്തരവ്
**2. 15/06/2024** തീയതിയിലെ എച്ച്.എസ്.ഇ/**5034/2024** – എഡി സി**6** നം.
സർക്കുലർ

സർക്കാർ ഹയർ സെക്കന്ററി അധ്യാപകരുടെ **2023-24** വർഷത്തെ പൊതുസ്ഥലംമാറ്റം സൂചന **(1)** പ്രകാരം ഉത്തരവായിരുന്നു. എന്നാൽ കോടതി വ്യവഹാരങ്ങളെത്തുടർന്ന് ആയതിലെ തുടർനടപടികൾ **21/02/2024** മുതൽ സ്റ്റേ ആവുകയും പിന്നീട് ബഹു. ഹൈക്കോടതിയുടെ **13/06/2024** തീയതിയിലെ ഉത്തരവിലൂടെ ട്രാൻസ്ഫർ നടപ്പാക്കുകയുമുണ്ടായി.

പൊതുസ്ഥലംമാറ്റ ഉത്തരവ് തീയതിയ്ക്കും സ്റ്റേ വന്ന തീയതിയ്ക്കുമിടയിൽ, സേവനമനുഷ്ഠിച്ചുകൊണ്ടിരുന്ന സ്കൂളിൽ നിന്ന് റിലീവ് ചെയ്യപ്പെടുകയും എന്നാൽ ട്രാൻസ്ഫർ ലഭിച്ച സ്കൂളിൽ ജോയിൻ ചെയ്യാൻ സാധിക്കാതിരുന്നവരും, പ്രസ്തുത തീയതികൾക്കിടയിൽ റിലീവ് ചെയ്യാതിരുന്നവരുമായ അധ്യാപകർക്ക് സർവ്വീസ് ബ്രേക്ക് വന്നിട്ടുള്ള ദിവസങ്ങൾ സർക്കാർ അനുമതിയോടെ ക്രമപ്പെടുത്തി നൽകുന്നതാണെന്ന് സൂചന **(2)** സർക്കുലറിൽ അറിയിച്ചിരുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് വ്യക്തിഗത അപേക്ഷകൾ ഈ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ദിവസങ്ങൾ ക്രമപ്പെടുത്തേണ്ട എല്ലാ അധ്യാപകരും അപേക്ഷ സമർപ്പിച്ചു കഴിഞ്ഞോ എന്നത് വ്യക്തമല്ല. മേൽ സാഹചര്യത്തിൽ ഇപ്രകാരം സർവ്വീസ്

ക്രമപ്പെടുത്തേണ്ടുന്ന അധ്യാപകർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന മാതൃകയിൽ അപേക്ഷ തയ്യാറാക്കി പ്രിൻസിപ്പൽ കൗണ്ടർസൈൻ ചെയ്ത് കവറിംഗ് ലെറ്റർ ഉൾപ്പെടെ 24/08/2024 തീയതിയ്ക്കകം ലഭ്യമാകുന്ന തരത്തിൽ ഹാർഡ് കോപ്പിയായി പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, ജഗതി, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. **നേരത്തെ ഈ ഓഫീസിലും ആർ.ഡി.ഡികളിലുമായി ഇതേ ആവശ്യത്തിലേയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരും ഇതേ മാതൃകയിൽ പുതിയ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

സമയപരിധി കഴിഞ്ഞ് e-mail ഉൾപ്പെടെയുള്ള മറ്റു മാർഗ്ഗങ്ങളിൽ സോഫ്റ്റ് കോപ്പി ആയി അയയ്ക്കപ്പെടുന്നതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല. കൂടാതെ സർവ്വീസ് ക്രമപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതിനാൽ മേൽ സമയപരിധിയ്ക്ക് ശേഷം അവസരം അനുവദിച്ച് നൽകുന്നതല്ല എന്നുകൂടി അറിയിക്കുന്നു.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

Signed by
Santhosh Kumar .r
Date: 19-08-2024 16:51:12

**File No.: HSE/14243/2024-Ad C6**

## അപേക്ഷാ ഫോം

സർക്കാർ ഹയർ സെക്കന്ററി അധ്യാപകരുടെ **2023-24** വർഷത്തെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങളെത്തുടർന്ന് സർവ്വീസ് ബ്രേക്ക് വന്നവർക്ക്, സർവ്വീസ് ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ.

| | |
|---|---|
| പേര് | : |
| പെൻ | : |
| തസ്തിക | : |
| ട്രാൻസ്ഫറിന് മുൻപുള്ള സ്കൂൾ (സ്കൂൾ കോഡ് സഹിതം) | : |
| ട്രാൻസ്ഫർ ലഭിച്ച സ്കൂൾ (സ്കൂൾ കോഡ് സഹിതം) | : |
| മുൻപത്തെ സ്കൂളിൽ നിന്നും റിലീവ് ചെയ്ത തീയതി | : |
| ട്രാൻസ്ഫർ ലഭിച്ച സ്കൂളിൽ പ്രവേശനം നേടിയ തീയതി | : |
| സർവ്വീസ് ക്രമവൽക്കരിക്കേണ്ട കാലയളവ് | : ......................... തീയതി മുതൽ .................. വരെ (.......... ദിവസങ്ങൾ) |
| സർവ്വീസ് ബ്രേക്ക് വരാനു ണ്ടായ കാരണം (റിലീവ് ചെയ്തിട്ടില്ലായിരുന്നെങ്കിൽ അതിന്റെ കാരണം, റിലീവ് ചെയ്തിട്ടും ജോയിൻ ചെയ്യാതിരുന്നെങ്കിൽ അതിന്റെ കാരണം എന്നിവ വ്യക്തമായി രേഖപ്പെടുത്തണം) | : |
| ആർ.ഡി.ഡി/ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ | ? |

ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്ത
ഓഫീസിന്റെ പേര് , റിപ്പോർട്ട്
ചെയ്ത തീയതി

തീയതി : അപേക്ഷകന്റെ ഒപ്പ് :

**പ്രിൻസിപ്പലിന്റെ പ്രസ്താവന**

മേൽ വിവരങ്ങൾ ലഭ്യമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുള്ളതാകുന്നു. തുടർനടപടികൾക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ മുൻപാകെ സമർപ്പിക്കുന്നു.

സ്ഥലം : ഒപ്പ് :

തീയതി : പ്രിൻസിപ്പലിന്റെ :

പേരോടുകൂടിയ സീൽ

ഓഫീസ് സീൽ